## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.746 20.03.2013 ൽ മറുപടിക്ക്.**

**കല്യാശ്ശേരി മണ്ഡലത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ**

**ചോദ്യം**

**ശ്രീ. റ്റി. വി. രാജേഷ്**

(എ)കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സി.എച്ച്.സി, പി.എച്ച്.സി കളിലായി എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ട്; വിശദാംശം നൽകാമോ; ഇവിടങ്ങളിൽ ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി)പുതിയങ്ങാടിയിലെ ഫിഷറീസ് ആശുപത്രി യിൽ സ്ഥിരം ഡോക്ടറെ നിയമിക്കുന്നതിനാവശ്യ മായ നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സി.എച്ച്.സി, പി.എച്ച്.സി കളിലായി ആകെ 8 ഒഴിവുകൾ ഉണ്ട്. അവയിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം നടത്തുകയും ഡോക്ടർമാർ ജോലി ചെയ്ത് വരികയും ചെയ്യുന്നുണ്ട്. അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്താനാകുകയുള്ളൂ. സിവിൽ സർജൻമാരുടെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മറ്റിയുടെ ശുപാർശ പ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും പ്രൊമോഷൻ മുഖേന നികത്തുന്നതാണ്. ഒഴിവുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. പഴയങ്ങാടി താലൂക്കാശുപത്രി | സിവിൽ സർജൻ - 1<br>അസിസ്റ്റന്റ് സർജൻ - 1<br>ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് - 2 |
| 2. സി.എച്ച്.സി, ഏഴോം | സിവിൽ സർജൻ - 1 |
| 3. പി.എച്ച്.സി, മാട്ടൂൽ | അസിസ്റ്റന്റ് സർജൻ - 1 |
| 4. പി.എച്ച്.സി, മുട്ടം | അസിസ്റ്റന്റ് സർജൻ - 1 |
| 5. പി.എച്ച്.സി, ആലക്കാട് | അസിസ്റ്റന്റ് സർജൻ - 1 |

(ബി) ഇപ്പോൾ പരിഗണനയിലില്ല.

Sobhy

സെക്ഷൻ ഓഫീസർ